**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1931** **08-02-2023 - ൽ മറുപടിയ്ക്ക്**

**ക്ഷീരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും പ്രസ്തുത പദ്ധതിയിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; | (എ) | കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതൽ ഉള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാധ്യതയുള്ളതുമായ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്നത്. ഇത്തരം പ്രദേശങ്ങളിൽ പാലുല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ക്ഷീരഗ്രാമം പദ്ധതിയുടെ ലക്ഷ്യം. ക്ഷീരവൃത്തിയിൽ ഗ്രാമപഞ്ചായത്തുകളെ സ്വയംപര്യാപ്തമാക്കുക എന്നതാണ് ക്ഷീരഗ്രാമം പദ്ധതിയുടെ മുഖ്യലക്ഷ്യം.<br><br>ക്ഷീര ഗ്രാമം പദ്ധതിയുടെ ഗുണഭോക്താക്കളായി പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ഗ്രാമപഞ്ചായത്തിന് പരിധിയിലെ ക്ഷീര കർഷകരുടെ എണ്ണം<br><br>ക്ഷീരമേഖലയിലേയ്ക്ക് പുതുതായി കടന്നു വന്ന സംരംഭകരുടെ എണ്ണം<br><br>ക്ഷീരമേഖലയിലേക്ക് കടന്നുവരാൻ താത്പര്യമുള്ള യുവാക്കളുടെയും സ്ത്രീകളുടെയും എണ്ണം<br><br>ഗ്രാമപഞ്ചായത്തിലെ കറവയുള്ള മൃഗങ്ങളുടെ എണ്ണം<br><br>ഗ്രാമപഞ്ചായത്തിലെ ഫാമുകളുടെ എണ്ണം<br><br>ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള പാലുത്പാദനം<br><br>ഗ്രാമപഞ്ചായത്തിന് പരിധിയിൽ വരുന്ന ക്ഷീര സഹകരണ സംഘങ്ങളുടെ എണ്ണം<br><br>പഞ്ചായത്തിലെ ക്ഷീര സഹകരണ സംഘങ്ങൾ കൈകാര്യം ചെയ്യുന്ന പാലിന്റെ വിഹിതം<br><br>പഞ്ചായത്ത് പ്രദേശത്തെ പ്രാദേശിക യൂണിയനുകളുടെ മിൽക്ക് റൂട്ട് |

| | | | |
|---|---|---|---|
| | | | പ്രസ്തുത പഞ്ചായത്തിലെ പാലിന്റെ വിപണന സാധ്യതകൾ<br>പ്രസ്തുത പഞ്ചായത്തിലെ നിലവിലുള്ള പുൽകൃഷിയുടെ ലഭ്യത<br>പ്രസ്തുത ഗ്രാമപഞ്ചായത്തിൽ പുൽകൃഷി ചെയ്യുന്നതിന് സാധ്യമായ ഭൂമിയുടെ ലഭ്യത<br>ക്ഷീരമേഖലയിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം<br>എന്നിവയുടെ അടിസ്ഥാനത്തിലാണ് ക്ഷീരഗ്രാമം പദ്ധതിയുടെ ഗുണഭോക്തൃ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നത്. |
| (ബി) | ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് നിലവിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; ഏതെല്ലാം പഞ്ചായത്തുകളിൽ നിന്നും പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ; | (ബി) | ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. തൃക്കലങ്ങോട് പഞ്ചായത്തിൽ നിന്ന് അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ പദ്ധതി നടത്തുന്നതിനായി തൻ വർഷം ഈ പഞ്ചായത്തിനെ തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല. |
| (സി) | മണ്ഡലത്തിലെ കൂടുതൽ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; അറിയിക്കുമോ; | (സി) | അർഹത മാനദണ്ഡങ്ങൾക്കും മുൻഗണന മാനദണ്ഡങ്ങൾക്കും വിധേയമായും ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ചും ഏറനാട് മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | അരീക്കോട് പഞ്ചായത്തിലെ കാരിപ്പറമ്പ് എന്ന സ്ഥലത്ത് ക്ഷീരവികസന സംഘം രൂപീകരിക്കുന്നതിനായി അപേക്ഷ ലഭിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി അറിയിക്കുമോ? | (ഡി) | അരീക്കോട് പഞ്ചായത്തിലെ കാരിപ്പറമ്പ് എന്ന സ്ഥലത്ത് ക്ഷീരവികസന സംഘം രൂപീകരിക്കുന്നതിനായി അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ ഈ സാമ്പത്തിക വർഷം പുതിയതായി ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള തുക പദ്ധതിയിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ അപേക്ഷ പരിഗണിക്കാൻ സാധിച്ചില്ല. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വരുന്ന സാമ്പത്തിക വർഷം പരിഗണിയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ